Draft #7 of File 23263/AD A1-4/2020/AD A1 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 28-Oct-2022 09:46 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: സിൻഡിക്കേറ്റ് തീരുമാനം - സർവ്വകലാശാലാ സ്റ്റഡി സെൻററുകളുടെ പ്രവർത്തനം അടിയന്തിരമായി നിർത്തലാക്കിക്കൊണ്ടും, സ്റ്റഡി സെൻററുകളിൽ പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാരെ സർവ്വകലാശാലാ ക്യാമ്പസിലെ ലൈബ്രറിയിലേക്ക് പുനർവിന്യസിപ്പിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 10919/AD A1/2022/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 28.10.2022

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 3587/AD A1/2021/എം.ജി.യു., തീയതി 29.07.2021
2. 22.10.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (22.08) എക്സ്ട്രാക്റ്റ് ഇനം നമ്പർ ഒ.എ.15/22.08/23263/ADA1-4/2020/എഡിഎ1

**ഉത്തരവ്**

സർവ്വകലാശാലാ സ്റ്റഡി സെൻററുകളുടെ തുടർപ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പരാമർശം (1) പ്രകാരം സിൻഡിക്കേറ്റ് അംഗമായ ഡോ. ബിജു തോമസ്-നെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം, സ്റ്റഡി സെൻററുകളുടെ തുടർ പ്രവർത്തനം സംബന്ധിച്ച് ഡോ. ബിജു തോമസ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, 22.10.2022-ൽ കൂടിയ സിൻഡിക്കേറ്റ് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

1. യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും, യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ഏകദേശം 30 ഓളം തസ്തികകൾ ഒഴിവുള്ളതിനാലും സ്റ്റഡി സെൻററുകളിൽ പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാരെ 2022 നവംബർ 1 മുതൽ പ്രാബല്യത്തിൽ സർവ്വകലാശാല ക്യാമ്പസിലെ ലൈബ്രറിയിലേക്ക് പുനർവിന്യസിപ്പിക്കുന്നതിന്.
2. സ്റ്റഡി സെൻററുകളുടെ പ്രവർത്തനം അടിയന്തിരമായി നിർത്തലാക്കുന്നതിന്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സ്റ്റഡി സെൻററുകൾ/ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ഡി.സി. I/II/III/ ആഡിറ്റ് II/III/V/ ഫിനാൻസ് I/II/III/ FCC/ IT Cell
5. എഡി. എ 5/ എഡി എ3/ ലീഗൽ സെക്ഷൻ (തുടർ നടപടികൾക്കായി)/Estate Officer
6. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
7. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
8. പി.ആർ.ഒ./ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / ഐ.ക്യു.എ.സി.
9. റെക്കോർഡ്സ് സെക്ഷൻ /സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ